(ബി) ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്ന പദ്ധതി ഇപ്പോൾ ഇല്ല. ഡിസ്പെൻസറിയിൽ അടുക്കളയും വാർഡും സൗജന്യമായി നാട്ടുകാർ നിർമ്മിച്ചു കൊടുക്കുന്ന പക്ഷം രോഗികളെ കിടത്തി ചികിൽസിക്കുന്നതാണ്. കേരളത്തിലെ അറുന്നൂറോളം വരുന്ന ഡിസ്പെൻസറികളും ആശുപത്രിയായി ഉയർത്തുവാൻ നിവേദനം ഉണ്ട്. എന്നാൽ സാമ്പത്തിക പരാധീനതമൂലം അനുവദിക്കാൻ കഴിയുന്നില്ല.

## പോരുവഴി പഞ്ചായത്തിൽ ആയുർവേദാശുപത്രി

941 [1483] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പോരുവഴി പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു ഏതു വാർഡിലേക്കാണു അനുവദിച്ചിരുന്നത്;

(സി) ഇപ്പോൾ ഏതു രോഗത്താണ് നടത്തുന്നത്;

(ഡി) ആദ്യം നടത്തണമെന്ന് പൊതുജനങ്ങൾ ആവശ്യപ്പെട്ട സ്ഥലത്ത് അതിനാവശ്യമായ സ്ഥലം അവർ വാങ്ങി ഗവൺമെന്റിനെ അറിയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത സ്ഥലത്തേക്ക് ഈ ആശുപത്രി മാറ്റണമെന്ന് പൊതുജനങ്ങളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(എഫ്) പുതുതായി വാങ്ങിയ സ്ഥലത്തു കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏതുവരെയായി എന്നു വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഒരു ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്.

(ബി) പുതിയ ഡിസ്പെൻസറികളും അനുവദിക്കുന്നത് വാർഡു തലത്തിലല്ല. പഞ്ചായത്തു തലത്തിലാണ്.

(സി) പെരുവിരുത്തി മലനട ദേവസ്വം കമ്മിറ്റി വാടക ഇല്ലാതെ വിട്ടുതന്നിട്ടുള്ള ഒരു കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) പുതുതായി സ്ഥലം വാങ്ങിച്ചിട്ടില്ല. കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക ലഭ്യമല്ലാതിരുന്നതിനാൽ മലനട ദേവസ്വം വിട്ടുതന്ന 50 സെന്റു സ്ഥലത്ത് മലനട ദേവസ്വമോ പഞ്ചായത്തോ കെട്ടിടം നിർമ്മിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അട്ടപ്പാടി മൊബൈൽ മെഡിക്കൽ യൂണിറ്റ്

942 [1484] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മൊബൈൽ മെഡിക്കൽ യൂണിറ്റിനുവേണ്ടി ഇക്കൊല്ലം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള സംഖ്യയെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1979 ജനുവരി അവസാനം വരെ ഈ വകയ്ക്കു ചില വായ സംഖ്യ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 84,100 രൂപ.

(ബി) 18,800 രൂപ.

## കേരള ഹെൽത്ത് റിസർച്ച് ആൻറ് വെൽഫയർ സൊസൈറ്റിയുടെ പേ വാർഡുകളും സംബന്ധിച്ച് ഓഫീസ് ജോലികളും

943 [1485] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഹെൽത്ത് റിസർച്ച് ആൻറ് വെൽഫയർ സൊസൈറ്റിയുടെ പേ വാർഡുകളും സംബന്ധിച്ച് ഓഫീസ് ജോലികളും സർക്കാർ ജീവനക്കാർ തന്നെ ചെയ്യണമെന്ന് നിർബന്ധിക്കപ്പെടുന്നുണ്ടോ;

(ബി) ഈ ജോലി ചെയ്യാൻ പ്രത്യേക ജീവനക്കാരെ നിയമിക്കാത്തതിനു കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സൊസൈറ്റി പേ വാർഡുകളും രണ്ടു ആശുപത്രിയുടെ ഭാഗമായതിനാൽ വാർഡു അനുവദിക്കുക, വാടക ഈടാക്കുക, തുടങ്ങിയ ജോലികളും ആശുപത്രിതന്നെയാണ് കൈകാര്യം ചെയ്യേണ്ടത്.

## ഡിസ്പെൻസറികൾ

944 [1486] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെൻറുടമയിൽ അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിൽ എത്ര ഡിസ്പെൻസറികൾ വീതം ഉണ്ട്;

(ബി) ഓരോ വിഭാഗത്തിലേയും സ്റ്റാഫ് പാറ്റേൺ എന്ത്;

(സി) ഓരോ വിഭാഗത്തിലേയും ഡാക്ടർ, നേഴ്സ്, കമ്പൗണ്ടർ, തുടങ്ങിയവരുടെ ശമ്പളസ്കെയിൽ വ്യത്യാസമാണോ;

(ഡി) എങ്കിൽ വ്യത്യാസമാകാൻ കാരണമെന്ത്;

(ഇ) ഇത് ഏകീകരിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

| | | |
|---|---|---|
| (എ) | അലോപ്പതി | 321 |
| | ഹോമിയോപ്പതി | 133 |
| | ആയുർവേദം | 406 |

LIBRARY ARCHIVES Kerala Legislative Assembly